# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 557

09-02-2016-ൽ മറുപടിക്ക്

### നിക്ഷേപ സൗഹൃദ സംസ്ഥാനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമായി മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമായി മാറ്റുന്നതിനും, സംസ്ഥാനത്തെ വ്യവസായ വികസനത്തിനും, നിക്ഷേപ സാധ്യതകളെ ഉയർത്തിക്കാട്ടുന്നതിനും, എമർജിങ്ങ് കേരള 2012, യെസ് 2014, യെസ് ക്യാൻ 2015, വി മിഷൻ 2015 മുതലായ പരിപാടികൾ കെ.എസ്.ഐ.ഡി.സി മുഖേന നടത്തിയിട്ടുണ്ട്.<br><br>2012 സെപ്റ്റംബർ 12 മുതൽ 14 വരെ കൊച്ചിയിലാണ് എമർജിങ്ങ് കേരള സംഗമം സംഘടിപ്പിച്ചത്.<br><br>കേരളത്തിലെ വിദ്യാർത്ഥി / യുവ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് വേണ്ട സഹായങ്ങൾ നൽകുന്നതിനും അവരുടെ സംരംഭകത്വ ആശയങ്ങളെ യാഥാർത്ഥ്യമാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം നൽകുന്നതിലേയ്ക്കുമായി 2014 സെപ്റ്റംബർ 12ാം തീയതി കെ.എസ്.ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ യുവ സംരംഭക സംഗമം (YES) സംഘടിപ്പിച്ചു. പ്രസ്തുത സംഗമത്തിന്റെ രണ്ടാം പതിപ്പായി യെസ് ക്യാൻ 2015 എന്ന പേരിൽ യുവസംരംഭകർക്കായി ഒരു സംഗമവും കെ.എസ്.ഐ.ഡി.സിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്.<br><br>വനിതാസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി രൂപം കൊടുത്തതാണ് വി മിഷൻ കേരള. |

ഇതിന്റെ ഭാഗമായി മലപ്പുറം, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിൽ വനിതാ സംരംഭകർക്ക് ഉപദേശ നിർദ്ദേശക പിന്തുണ, മീറ്റിങ്ങുകളും വ്യവസായ യൂണിറ്റ് സന്ദർശനങ്ങളും സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ, അന്താരാഷ്ട്ര വനിതാ സംരംഭകത്വ ദിനമായ നവംബർ 19ന് കൊച്ചിയിൽ വനിതസംരംഭകത്വ സമ്മേളനം 2015 (WE Summit 2015), WE CAN (Women Entrepreneurs Collaborating and Networking) എന്ന പേരിൽ സംഘടിപ്പിക്കുകയുണ്ടായി.

**(ബി)** ഇത്തരം പരിപാടികളുടെ ഭാഗമായി എന്ത് തുക സംസ്ഥാനത്ത് നിക്ഷേപമായി വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

**(ബി)** എമർജിങ്ങ് കേരള സംഗമത്തിൽ വിവിധ വകുപ്പുകളുടെ കീഴിലായി 177 പദ്ധതി നിർദ്ദേശങ്ങളാണ് തുടക്കത്തിൽ ലഭിച്ചത്.

ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അതത് വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥർ അവതരിപ്പിച്ച ഈ പദ്ധതികളുടെ നിലവിലുള്ള സ്ഥിതി അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ പുരോഗമിക്കുന്ന 56 പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത്, ഈ പദ്ധതികളുടെയെല്ലാം കൂടിയുള്ള ആകെ നിക്ഷേപം ഏകദേശം 32137 കോടി രൂപയാണ്. ഇതിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള 14 പദ്ധതികളാണ് കെ.എസ്.ഐ.ഡി.സിയുടെ നേരിട്ടുള്ള മേൽനോട്ടത്തിലുള്ളത്. ഈ പദ്ധതികളുടെ ആകെ നിക്ഷേപം 23334 കോടി രൂപയാണ്. ഇതിൽ രണ്ട് പദ്ധതികൾ പൂർത്തിയായി. ബാക്കിയുള്ള 12 പദ്ധതികൾ പുരോഗമിച്ചു വരുന്നു. പൂർത്തിയായ രണ്ട് പദ്ധതികളുടെയും കൂടിയുള്ള നിക്ഷേപം ഏകദേശം 209 കോടി രൂപയാണ്.

വ്യവസായ വകുപ്പിന് കീഴിലുള്ള 14 പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി നല്കുന്നു.

സെക്ഷൻ ഓഫീസർ

## EK 2012 Projects - Industries Department

| Sl.No. | Project | Promoter/Company | Sector | Indicative Cost (Rs. Crores) | Status |
|---|---|---|---|---|---|
| 1 | Mini Food Park (Bio Nutra Park), Perumbavoor, Kochi. Mfg. of clean, steam-sterilised spices & seasoning products | Akay Flavours Group – Manoj Mathew | Food processing | 200.00 | Completed |
| 2 | HDPE Storage Tank manufacturing unit , Kottayam | Kelachandra Group - C.T.Thomas | Infrastructure and manufacturing | 9.00 | Completed |
| 3 | Kochi Refinery Expansion Project, (Refinery expansion from 9.5MMTPA to 15.5MMTPcapacity) | BPCL-George Paul | Petroleum and natural gas | 12000.00 | Under implementation |
| 4 | Milk Processing Plant, Kattakkada, Trivandrum | Muralya Diary Product - Dr Jayachandran | Food processing | 42.00 | Under implementation |
| 5 | M/s Prodair Air Products Ltd, Kochi (Gas Supply Facility) | Mr. Amar Hulle, Project Manager | Petroleum and natural gas | 2250.00 | Under implementation |
| 6 | Petrochemical JV Projects of BPCL , Ambalamugal, Kochi (Prodn. of Prop; ene derivatives) | JV with suitable partner (in talks with Manali Petrochemicals, Chennai)- George Paul | Petroleum and natural gas | 6000.00 | Preliminary stage |
| 7 | Integrated Dairy Farm, Idukki/ EKM (Dairy Farm (in Marayur, Idukki) & Processing plant (in EKM)) | Palmount Farms India Ltd - Abdul Jalal | Food processing | 158.53 | Preliminary stage |
| 8 | Pre-stressed & Pre-fabricated Housing Component , Palakkad (Manufacture of precast elements with capacity of 1,20,000 sq.m/annum) | E-Cube Structural Combines - Eapen George | Infrastructure and manufacturing | 25.00 | Preliminary stage |
| 9 | Poly Iso Butylene (PIB) Project , Ambalamugal, Kochi | Kothari Petrochemicals, Chennai- R.R. Dave | Petroleum and natural gas | 100.00 | Preliminary stage |

| | | | | | |
|---|---|---|---|---|---|
| 10 | Cumene Plant, Kochi | Deepak Nitrite Ltd.,(DNL) Vadodara-Rakesh B Gupta | Petroleum and natural gas | 220.00 | Preliminary stage |
| 11 | EPDM Rubber Project (Petrochemical unit),Kochi | Duncan Goenka Group | Petroleum and natural gas | 600.00 | Preliminary stage |
| 12 | Vinati Organics Ltd., Mumbai (manufacturing Para Cresol), Kochi | Vinati Organics Ltd., | Petroleum and natural gas | 500.00 | Preliminary stage |
| 13 | Mareena Petrochemicals Pvt. Ltd., Kochi (manufacturing paint), Kochi | Shri Xavier Kutty, MD, Mereena Petrochemicals Pvt. Ltd. | Petroleum and natural gas | 30.00 | Preliminary stage |
| 14 | Hindustan Organic Chemicals Ltd, Kochi (manufactuirng phenol), Kochi | Hindustan Organic Chemicals Ltd, | Petroleum and natural gas | 1200.00 | Preliminary stage |
| | | | | **23334.53** | |